2. പൂക്കോട്കുന്ന് കുടിവെള്ള പദ്ധതി (29 ലക്ഷം രൂപ - വാട്ടർ അതോറിറ്റി മുഖേന) :

വൈത്തിരി പഞ്ചായത്തിലെ കുന്നത്ത് ഇടവക പുനരധിവാസ മേഖലയിൽ വരുന്ന പൂക്കോട്കുന്ന് കുടിവെള്ള പദ്ധതിക്കായുള്ള കിണർ നിർമ്മാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ, ടാങ്ക് നിർമ്മാണം എന്നീ വർക്കുകൾ കഴിഞ്ഞു. ടാപ്പ് ഫിറ്റ് ചെയ്ത് കറണ്ട് കണക്ഷൻ ലഭിക്കുന്നതോടെ പദ്ധതി പൂർത്തീകരിക്കാം.

3. ചെന്നായ്വല-അംബ റോഡ് നിർമ്മാണം (2.3 കോടി രൂപ-PWD മുഖേന) :

പൊഴുതന പഞ്ചായത്തിൽ വരുന്ന സുഗന്ധഗിരി പുനരധിവാസ മേഖലയിലെ റോഡ് നിർമ്മാണം അംബ മുതൽ പ്ലാന്റേഷൻ വരെയുള്ള ഭാഗം ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

4. ക്ഷീര വികസന പദ്ധതി (2.33 കോടി രൂപ - മിൽമ മലബാർ യൂണിറ്റ്) :

സുഗന്ധഗിരിയിൽ ക്ഷീരവികസന പദ്ധതിയിലേക്ക് 50 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 46 പേർ തൊഴുത്ത് നിർമ്മാണം പൂർത്തീകരിച്ചു. ഇവർക്ക് പശുക്കളെ വിതരണം ചെയ്തു. 44 ഗുണഭോക്താക്കൾക്ക് കിടാരികളെയും വിതരണം ചെയ്തു. പശുക്കളെ ലഭിച്ച ഗുണഭോക്താക്കൾക്ക് കാലിത്തീറ്റയും വിതരണം ചെയ്തുവരുന്നു.

5. ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി (25 സെന്റ് മുതൽ ഒരേക്കർ വരെ 10 ലക്ഷം രൂപ നൽകി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി)

14,60,20,210 രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി.

6. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി ഭൂരഹിതർക്ക് ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതിക്കായി 50,00,00,000 രൂപ അനുവദിച്ചു.

ആദിവാസി അമ്മമാരുടെയും ശിശുക്കളുടെയും മരണം

285(655) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിചരണവും ചികിത്സയും ലഭിക്കാതെ പ്രസവത്തെ തുടർന്ന് ആദിവാസി അമ്മമാരും, ശിശുക്കളും മരണമടയുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏതെല്ലാം ആദിവാസി കോളനികളിൽ നിന്നാണ് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോളനികളിൽ ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയായിരുന്നെന്നും എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളനികളിൽ പ്രാക്തന ഗോത്ര വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രഫണ്ട് ആരോഗ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര തുകയാണ് ഓരോ കോളനിയിലും ചെലവഴിച്ചത് ?

ഉത്തരം

(എ) പരിചരണവും ചികിത്സയും ലഭിക്കാതെ പ്രസവത്തെത്തുടർന്ന് ആദിവാസി അമ്മമാരും ശിശുക്കളും മരണമടയുന്ന സംഭവങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മാസം തികയാതെയുള്ള പ്രസവം (പ്രീമെച്വർ ഡെലിവറി) മുഖാന്തരം നവജാത ശിശുക്കൾ മരണമടഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനും ആരോഗ്യമുള്ള ശിശുക്കളെ പ്രസവിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണവും ചികിത്സയും ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പും സാമൂഹ്യ നീതി വകുപ്പും, കുടുംബശ്രീ, അംഗൻവാടി, ആശാ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ പട്ടികവർഗ്ഗ വിഭാഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി (18 മാസം) തുക അനുവദിച്ചു നൽകിവരുന്നു. സംസ്ഥാന സർക്കാർ 2013-14 സാമ്പത്തിക വർഷം 115 ലക്ഷം രൂപയും തുടർന്ന് റീ-അപ്രോപ്രിയേഷൻ വഴി 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 100 ലക്ഷം രൂപയും തുടർന്ന് 50 ലക്ഷം രൂപ അധിക ധനസഹായവും അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 655 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള കേന്ദ്രഫണ്ട് ആരോഗ്യ പ്രവർത്തനങ്ങൾക്കായി 2011-12 വർഷം മുതൽ 2014-15 വരെ ആകെ 4,09,54,199 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. 7 ടൈബൽ യൂണിറ്റുകൾ 8101 കുടുംബങ്ങൾക്കുവേണ്ടി 46,35,042 രൂപ ചെലവഴിച്ചു.

2. 205 ഹെൽത്ത് വോളന്റിയേഴ്സിനായി 2,60,38,004 രൂപ ഓണറേറിയം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

3. 205 ഹെൽത്ത് വോളന്റിയേഴ്സിന്റെ പരിശീലനത്തിനായി 8,33,516 രൂപ ചെലവഴിച്ചു.

4. 205 ഹെൽത്ത് വോളന്റിയേഴ്സിന് Drug Kit വിതരണത്തിനായി 5,21,748 രൂപ ചെലവഴിച്ചു.

5. 8101 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ച 2134 മെഡിക്കൽ ക്യാമ്പുകൾ നടത്തിയ ഇനത്തിൽ ആകെ 89,25,889 രൂപ ചെലവഴിച്ചു.

ആദിവാസി ക്ഷേമപദ്ധതികൾ

286 (656) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ ;

(ബി) ഇതിനുവേണ്ടി അനുവദിച്ച തുക പൂർണ്ണമായും, ഫലപ്രദമായും ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly